# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജനുവരി 20**

**January 20**

**2019**

***1193 മകരം 6*** **ഞായർ**

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**ജില്ലാ ഭരണകൂടം- കുടുംബശ്രീ ജില്ലാ മിഷൻ സംയുക്ത പദ്ധതി**

## തനിച്ചായവർക്ക് കൂട്ടാകാൻ പ്രോജക്ട് ഹാപ്പിനെസ്

ജില്ലയിലെ മാനസിക പിന്തുണ ആവശ്യപ്പെടുന്ന, ഏകാന്തത അനുഭവിക്കുന്ന ആളുകൾക്ക് ശ്രദ്ധയും പരിചരണവും നൽകുന്നതിന് പത്തനംതിട്ട ജില്ലാ ഭരണകൂടവും കുടുംബശ്രീ ജില്ലാ മിഷനും കൈകോർക്കുന്ന പ്രോജക്ട് ഹാപ്പിനെസ് പദ്ധതിക്കു തുടക്കമായി. ജില്ലാ ഭരണകൂടവും കുടുംബശ്രീ ജില്ലാ മിഷനും അടൂർ മൗ ´ സിയോൺ മെഡിക്കൽ കോളജ് ആശുപത്രിയും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധസേവകരും ചേർന്നാണ് പദ്ധതി നടപ്പാക്കുക. പദ്ധതിയുടെ ഭാഗമായവർക്ക് മൗ ´ സിയോൺ ആശുപത്രി സൗജന്യ സേവനം നൽകും. പ്രളയകാലത്ത് രക്ഷാ പ്രവർത്തനത്തിന് സന്നദ്ധരായി മുന്നോട്ടു വന്ന യുവതീയുവാക്കൾ പ്രോജക്ട് ഓഫ് ഹാപ്പിനെസ് പദ്ധതിയോടോപ്പം അണിചേരും. പരിഗണനയും പരിചരണവും ആവശ്യമുള്ളവർക്ക് താങ്ങാകാനും ഏകാന്ത ദുഃഖത്തിൽ ആയവരുടെ വീട് സന്ദർശിച്ച് നിരന്തരമായി സമ്പർക്കം പുലർത്താനും ഇവർ സഹായിക്കും. ഇതിന്റെ ഏകോപനം ജില്ലാ ഭരണകൂടം നിർവഹിക്കും. കുടുംബശ്രീയുടെ സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിൽ ഭാഗമായ വ്യക്തികൾക്കാണ് കരുതൽ ഒരുക്കുക.

ഒരു കൈ സഹായം ആവശ്യമുള്ളവർക്ക്, അവർ ആവശ്യപ്പെടുന്ന പ്രകാരം കരുതൽ നൽകി സന്തോഷമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് ലക്ഷ്യം. മാനസിക പിന്തുണ, നിയമ സഹായം, വൈദ്യ സഹായം, പുനരധിവാസം, ആധാർ കാർഡ്, റേഷൻ കാർഡ്, ഹെൽത്ത് കാർഡ്, വീട്, സുരക്ഷിതത്വം, ജീവിതമാർഗം തുടങ്ങി വിവിധ

Sample output to test PDF Combine only

സേവനങ്ങളാണ് പ്രോജക്ട് ഹാപ്പിനെസ് ഒരുക്കുന്നത്. കുടുംബശ്രീ കോളിംഗ് ബെൽ പദ്ധതിയിൽ ഉൾപ്പെടുന്നവർക്കാണ് ആദ്യഘട്ടത്തിൽ സേവനം ലഭ്യമാകുന്നത്.

പ്രോജക്ട് ഹാപ്പിനെസ് പദ്ധതിയിൽ ഭാഗമായവരുടെ ആദ്യ സംഗമം മൗ ്സിയോൺ മെഡിക്കൽ കോളജ് അങ്കണത്തിൽ ജില്ലാ കളക്ടർ പി. ബി.നൂഹ് ഉദ്ഘാടനം ചെയ്തു. സന്നദ്ധ പ്രവർത്തകരായ കുട്ടികൾ ഗുണഭോക്താക്കളുമായി പരിചയപ്പെട്ടു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന പ്രഭ അധ്യക്ഷത വഹിച്ച ചടങ്ങിൽ മൗ ്സിയോൺ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. എൻ.ശ്രീദേവി മുഖ്യപ്രഭാഷണം നടത്തി. പങ്കെടുത്ത അംഗങ്ങളിൽ ആധാർ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവ ഇല്ലാത്ത അംഗങ്ങൾക്ക് അത് ഔപചാരികമായി കൈമാറി. ഏനാദിമംഗലം, കലഞ്ഞൂർ, കൊടുമൺ എന്നീ പഞ്ചായത്തുകളിലെ സേവനം ആവശ്യം ഉള്ള 235 അംഗങ്ങളാണ് ആദ്യ സംഗമത്തിൽ പങ്കെടുത്തത്. ജില്ലയിൽ ആകെ 2463 അംഗങ്ങൾക്ക് പദ്ധതിയുടെ സേവനം ലഭ്യമാകും. സപ്ലൈ ഓഫീസ്, മെഡിക്കൽ ഓഫീസ്, അക്ഷയ, ആർഎസ്ബിവൈ എന്നിവയുടെ ഹെൽപ്പ് ഡെസ്ക്കുകളും, മൗ ്സിയോൺ ഹോസ്പിറ്റലിന്റ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും കലാവിരുന്നും സംഗമത്തോട് അനുബന്ധിച്ച് നടന്നു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ വി.എസ് സീമ, മൗ ്സിയോൺ ഡയറക്ടർ പ്രൊഫ: സി.കെ.ജോൺ, കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ്, ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രീത രമേഷ്, ലൈഫ്മിഷൻ കോ-ഓർഡിനേറ്റർ സി.പി.സുനിൽ, ഡോ. വേണുകുമാർ, വാർഡ് മെമ്പർ സജിനി അലക്സ്, അക്ഷയ ജില്ലാ പ്രോജക്ട് മാനേജർ കെ.ധനേഷ്, ആർഎസ്ബിവൈ ജില്ലാ പ്രോജക്ട് മാനേജർ അഖിൽ കുമാർ എന്നിവർ പ്രസംഗിച്ചു. (പിഎൻപി 233/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) പ്രോജക്ട് ഹാപ്പിനെസ് പദ്ധതിയിൽ ഭാഗമായവരുടെ ആദ്യ സംഗമം മൗ ്സിയോൺ മെഡിക്കൽ കോളജ് അങ്കണത്തിൽ ജില്ലാ കളക്ടർ പി. ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.

2) പ്രോജക്ട് ഹാപ്പിനെസ് പദ്ധതിയുടെ ഭാഗമായി രേഖകളുടെ വിതരണം ജില്ലാ കളക്ടർ പി. ബി.നൂഹ് നിർവഹിക്കുന്നു.

3) പ്രോജക്ട് ഹാപ്പിനെസ് പദ്ധതിയിൽ ഭാഗമായവരുടെ ആദ്യ സംഗമത്തിൽ ജില്ലാ കളക്ടർ പി. ബി.നൂഹ് സംവദിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only